**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വടകര നഗരസഭയിലെ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ ശ്രീ. എസ്.ഷെറീജിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 1688/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.05.2017

---

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 29.04.2017 തിയതിയിലെ ഇ 7-15743/16 നമ്പർ കത്ത്

2. നഗരകാര്യ ഡയറക്ടറുടെ 05.04.2017 തിയതിയിലെ ഇ 7-15743/16 നമ്പർ ഉത്തരവ്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ ആയി 11.10.2010 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. എസ്.ഷെറീജ്, ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 31.01.2014 ൽ നടന്ന പരീക്ഷയിൽ ആണ് പാസായത് എന്നതിനാൽ ശ്രീ. എസ്.ഷെറീജിന്റെ പ്രൊബേഷൻ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം 01.02.2014 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 11.10.2010 ൽ വടകര നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ ആയി ജോലിയിൽ പ്രവേശിച്ച ശ്രീ. എസ്.ഷെറീജിന്റെ പ്രൊബേഷൻ കാലയളവ് ടിയാൾ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക്(10.10.2013 വരെ) പരാമർശം 2 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ചു ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി/ബിൽ കളക്ടർ തസ്തികയിൽ 11.10.2010 ൽ വടകര നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. എസ്.ഷെറീജ് 31.01.2014 ൽ നടത്തിയ ടെസ്റ്റിലാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് പാസായത് എന്നതിനാൽ നഗരകാര്യ ഡയറക്ടർക്ക് ടിയാളുടെ പ്രൊബേഷൻ 01.02.2014 ന് ഡിക്ലയർ ചെയ്യാൻ കഴിയത്തക്ക രീതിയിൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് നിയമനാധികാരി ദീർഘിപ്പിച്ചു

നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 11.10.2013 മുതൽ 02.02.2014 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഷിബു എ. റ്റി**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. എസ്.ഷെറീജ് ,എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ ,വടകര നഗരസഭ
സെക്രട്ടറി, വടകര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ